## പതിനാലാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.352** 04.06.2018 - ൽ മറുപടിയ്ക്ക്

### മെഡിക്കൽ കോളേജുകളിൽ വൈറോളജി ലാബുകൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.വി.കെ.സി. മമ്മത് കോയ :** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളോട് അനുബന്ധമായോ അല്ലാതെയോ വൈറോളജി ലാബുകൾ നിലവിലുണ്ടോ; | (എ) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയുടെ ഒരു ലാബ് ആലപ്പുഴ മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്നുണ്ട് |
| (ബി) നിപാ വൈറസ് ബാധപോലെയുള്ള സാഹചര്യങ്ങൾ ഫലപ്രദമായി നേരിടുന്നതിന്, വൈറോളജി ലാബുകൾ സജ്ജീകരിക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ? | (ബി) നിപാ വൈറസ് ബാധയോടനുബന്ധിച്ച് ആലപ്പുഴ മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്ന വൈറോളജി ലാബിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ മെഡിക്കൽ കോളേജുകളിൽ വൈറോളജി ലാബുകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ